# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1199** **06.02.2020 ൽ മറുപടിക്ക്**

### കായംകുളം മണ്ഡലത്തിലെ റയിൽവേ മേൽപ്പാലങ്ങൾ

**ചോദ്യം**

**ശ്രീമതി യു. പ്രതിഭ**

**മറുപടി**

**ശ്രീ. ജി. സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട കൃഷ്ണപുരം മാമ്പ്രകന്നേൽ റയിൽവേ മേൽപ്പാലം, കായംകുളം-തിരുവല്ല റോഡിലെ കാക്കനാട് റയിൽവേ മേൽപ്പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

മാമ്പ്രകന്നേൽ റെയിൽവേ മേൽപ്പാലത്തിന് 10.07.2017 ലെ സ.ഉ.(സാധാ).നം 942/2017/പൊ.മ.വ പ്രകാരം 60 കോടിയുടെ ഭരണാനുമതി നൽകുകയും പദ്ധതിയുടെ എസ്.പി.വി ആയി ആർ.ബി.ഡി.സി.കെ.യെ നിയമിക്കുകയും ചെയ്തു. തുടർന്ന് പദ്ധതിയുടെ വിശദമായ പദ്ധതി രേഖ കിഫ്ബിക്ക് സമർപ്പിക്കുകയും കിഫ്ബി 09.11.2018 ന് പദ്ധതി അംഗീകരിച്ച് 31.21 കോടി രൂപ അനുവദിക്കുകയും ചെയ്തു.

പദ്ധതിയ്ക്കായി സ്ഥലമേറ്റെടുക്കാനുള്ള റിക്വിസിഷൻ ആലപ്പുഴ ജില്ലാ കളക്ടർക്ക് 24.12.2018 ന് സമർപ്പിച്ചു. സ്ഥലമേറ്റെടുക്കുന്നതിനായി അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നുള്ള ഭരണാനുമതി 13.05.2019 ന് ലഭ്യമാക്കുകയും ചെയ്തു. സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായുള്ള സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിന് ഏജൻസിയെ 09.10.2019 ന് നിയമിക്കുകയും ചെയ്തു. സ്ഥലമെടുപ്പിനു വേണ്ടിയുള്ള 4(1) നോട്ടിഫിക്കേഷൻ 27.12.2019 ന് പ്രസിദ്ധീകരിച്ചു. തുടർന്ന് സാമൂഹിക പ്രത്യാഘാത പഠനം ആരംഭിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായുള്ള പബ്ലിക്ക് ഹിയറിംഗ് 31.01.2020 ന് പൂർത്തിയാക്കിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ച് വരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

27.04.2018 ലെ സ.ഉ.(സാധാ) നം.

780/2018/പൊ.മ.വ പ്രകാരം കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ കാക്കനാട് റെയിൽവേ മേൽപ്പാല നിർമ്മാണ പദ്ധതിയുടെ എസ്.പി.വി.യായി നിയമിച്ചിട്ടുണ്ട്. ടി റെയിൽവേ മേൽപ്പാലത്തിന്റെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിങ്ങ് (ജി.എ.ഡി) പൂർത്തീകരിച്ച് റെയിൽവേക്കു സമർപ്പിച്ച് അനുമതി ലഭ്യമായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ